(ബി) അതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കമ്പിവേലികളും എത്രയും പെട്ടെന്ന് ഇളക്കിമാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10-1-1984-ൽ.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തിൽ ഏത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നു പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്പെയർ പാർട്ടുകളുടേയും ടയറിൻേറയും അഭാവംമൂലം ഓടാത്ത ബസ്സുകൾ

1313 [2344] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
,, സി: ടി. കൃഷ്ണൻ:
,, കെ. പുരുഷോത്തമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെയർ പാർട്ടുകളുടേയും ടയറിൻേറയും അഭാവം മൂലം ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ എത്ര ബസ്സുകൾ ഓടാതെ കിടപ്പുണ്ട്;

(ബി) യാത്രാക്ലേശം രൂക്ഷമായിരിക്കുന്ന ഈ അവസരത്തിൽ പ്രസ്തുത ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 927 എണ്ണം.

(ബി) നിലവിലുള്ള സാമ്പത്തിക പരിമിതി മൂലം ആവശ്യമുള്ളത്ര പുതിയ ടയറുകളും സ്പെയർപാർട്ടുകളും വാങ്ങുവാൻ കോർപ്പറേഷനു ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സ്ഥിതി മെച്ചപ്പെടുത്തി കൂടുതൽ ബസ്സുകൾ ഗതാഗതയോഗ്യമാക്കുവാനുള്ള ശ്രമം നടത്തിവരികയാണ്.

കെ. എസ്. ആർ. ടി. സി. യിൽ നിന്നും 10 വർഷങ്ങൾക്കു മുൻപ് പെൻഷൻ പറ്റിയവർക്ക് നൽകേണ്ട കുടിശ്ശിക.

1314 [2345] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കൊരമ്പയിൽ അഹമ്മദ്ഹാജി:
,, പി. കെ. കെ. ബാവ:
,, എ.വി. അബ്ദുറഹ്മാൻ ഹാജി:
,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നിന്നും 10 വർഷങ്ങൾക്കു മുൻപ് പെൻഷൻെറ അർഹതയോടെ പെൻഷൻ പറ്റിയവർക്ക് കോടതി

LIBRARY ARCHIVES Kerala Legislative Assembly

വിധിയനുസരിച്ച് സംസ്ഥാന സർക്കാർ ജി.ഒ.(ആർ.ടി.)നമ്പർ 22/66/ഫിൻ തീയതി 3–1–1986 പ്രകാരം നൽകേണ്ട ലിബറലൈസ്ഡ് പെൻഷന്റെ കുടിശ്ശിക ഗഡുക്കളായി നൽകുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കിയോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ എത്ര പേർക്ക് കുടിശ്ശിക നൽകാനുണ്ട്; അവരിൽ എത്രപേർ ജീവിച്ചിരിക്കുന്നു.

(ഡി) നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകേണ്ട പെൻഷൻ വർദ്ധനവ്, ഡി.എ. വർദ്ധനവ് എന്നിവ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയോ;

(ഇ) ഇല്ലെങ്കിൽ എന്നു മുതൽ നൽകും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കി.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1234 പേർക്ക്. 1218 പേർ ജീവിച്ചിരിപ്പുണ്ട്.

(ഡി) നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശ കെ.എസ്.ആർ.ടി.സി. ക്ക് ബാധകമല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. യിലെ നിയമനങ്ങൾ

1315 [2346] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ 1984–85;–1985–86 എന്നീ വർഷങ്ങളിൽ മൊത്തം എത്ര നിയമനങ്ങൾ നടന്നു; ഏതെല്ലാം കാറ്റഗറികളിൽ ; എത്ര വീതം.

(ബി) ഇതിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർ എത്ര;

(സി) സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥപ്രകാരം നിയമിക്കപ്പെട്ടവരെത്ര?

ഉത്തരം

(എ) 1391 നിയമനങ്ങൾ

കണ്ടക്ടർ	540
ഡ്രൈവർ	598
മിനിസ്റ്റീരിയൽ	93
മെക്കാനിക്ക്	160
ആകെ	1391

LIBRARY ARCHIVES Kerala Legislative Assembly